കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൈനകരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി1-322/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ

തീയതി. 12.06.2019
ഫോൺ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൈനകരി ഗ്രാമ പഞ്ചായത്ത്

.
.

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 1, 6, 7 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-5, 3-9 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി1-322/19 തീയതി: 12.06.2019

## ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമ പഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.09.2017 മുതൽ 31.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 27.02.2019 മുതൽ<br>08.03.2019 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പ്രവീൺ ഷേണായ്, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. പുഷ്പരാജ്. വി. കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| പേര് | കാലയളവ് | മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷീല. വി. വി | 01.04.2017 മുതൽ 31.03.2018 വരെ | പനക്കൽ ചിറ, കുപ്പപ്പുറം, 688011 |

2) സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ. പി. ജി. പ്രകാശ് | 01.04.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. ജിജോ പള്ളിക്കൽ | 1.4.2017 മുതൽ 31.3.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. സുഷമ അജയൻ | 1.4.2017 മുതൽ 31.3.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. കെ. പി. രാജീവ് | 1.4.2017 മുതൽ 31.3.2018 വരെ |
| 4 | ആരോഗ്യകാര്യം - വിദ്യാഭ്യാസകാര്യം | ശ്രീമതി. സുബി സന്തോഷ് | 1.4.2017 മുതൽ 31.3.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ബിനോയ് ബോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീ. സന്തോഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ. ദീപ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സിനി.എസ്.നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | വി.ഇ.ഒ കൈനകരി | ശ്രീ. അനീഷ്. കെ. പി | 1.4.17 മുതൽ 31.03.2018 വരെ |
| 6 | വി.ഇ.ഒ കുട്ടമംഗലം | ശ്രീമതി. സറീന | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശരത്ചന്ദ്ര ബോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. സജി ഉമ്മൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അലക്സ്. പി. ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. റംലബീവി | 01.04.2017മുതൽ 31.03.2018 വരെ |
| 11 | ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. മോളിക്കുട്ടി. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഇന്ദു. ബി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പു പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | ആഭ്യന്തര നിയന്ത്രണം |
| 12 | 1-12 | വാർഷിക കണക്കിലെ ന്യൂനതകൾ |
| 13 | 2-1 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ഔദ്യോഗിക ബാങ്ക് അക്കൗണ്ടുകൾ-<br>നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല |
| 14 | 2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി |
| 15 | 2-3 | തൊഴിൽ നികുതി അപാകതകൾ |
| 16 | 2-4 | ഡി ആൻഡ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് |
| 17 | 2-5 | കാലഹരണപ്പെട്ടനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത്<br>സംബന്ധിച്ച്. |
| 18 | 2-6 | ഇ-ടെണ്ടർ ഫീസ്- ബാങ്ക് ആക്കൗണ്ട് ആരംഭിച്ചില്ല. |
| 19 | 2-7 | പഞ്ചായത്ത് ദുരിതാശ്വാസ നിധി -പ്രവർത്തനങ്ങൾ സജീവമല്ല |
| 20 | 3-1 | പദ്ധതി നിർവ്വഹണം അവലോകനം. |
| 21 | 3-2 | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹിച്ച പദ്ധതികൾ –<br>രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു. |
| 22 | 3-3 | ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു. |
| 23 | 3-4 | പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ- അടച്ചില്ല |
| 24 | 3-5 | മാനദണ്ഡങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണം - ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 25 | 3-6 | അനുബന്ധവിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. |
| 26 | 3-7 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം -അപാകങ്ങൾ |
| 27 | 3-8 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| 28 | 3-9 | ഗ്രാമസഭവഴി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നില്ല |
| 29 | 3-10 | സാമൂഹ്യസുരക്ഷ പെൻഷൻ രജിസ്റ്റർ - അപൂർണ്ണം |
| 30 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 31 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 32 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 33 | 4-4 | സ്ഥിര നിക്ഷേപം |

| | | |
|---|---|---|
| 34 | 4-5 | വായ്പ/ വായ്പാതിരിച്ചടവ് |
| 35 | 4-6 | ഓഡിറ്റ് റിക്കവറി |
| 36 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം |
| 37 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 38 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 39 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 40 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 41 | അനുബന്ധം - 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 113366256 | 112694456 |
| വാർഷിക കണക്ക് പ്രകാരം | 53941822 | 52083592 |

എൻ.ആർ.ഇ.ജി.എസ്, ബി-ഫണ്ട് എന്നിവയുടെ വരവ് ചെലവുകളും കൂടി കണക്കിലെടുക്കുമ്പോൾ ബജറ്റ് യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നതായി കാണുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 02.06.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(26)/18, തീയതി – 30.07.2018 | വിശേഷണങ്ങളോട് കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11267374 |
| വരവ് | 53941822 |
| ആകെ | 65209196 |
| ചെലവ് | 52083592 |
| നീക്കിയിരിപ്പ് | 13125604 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 19646584 | 19646584 | 18831465 | 815119 |
| വികസനഫണ്ട് (എസ്.സി.പി) | | 0 | 3474877 | 3474877 | 3195616 | 279261 |
| വികസനഫണ്ട് (ടി.എസ്.പി) | | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | | 0 | 1972000 | 1972000 | 1699054 | 272946 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | | 0 | 4806434 | 4806434 | 4730708 | 75726 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 8542291 | 8542291 | 7177170 | 1365121 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 18186407 | 18186407 | 18186407 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 154610 | 1024784 | 1179394 | 943885 | 235509 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 437519 | 514631 | 952150 | 158070 | 794080 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 0 | 973709 | 973709 | 973709 | 0 |
| ബി-ഫണ്ട് | | 0 | 41964920 | 41964920 | 41964920 | 0 |
| തനത് ഫണ്ട് | SBI Own Fund | 2956552 | 4457977 | 7414529 | 5494720 | 1919809 |
| | ട്രഷറി അക്കൗണ്ട് | 2766695 | 8878439 | 11645134 | 8607418 | 3037716 |
| | എസ്.ബി.റ്റി ജീവധാര | 71040 | 0 | 71040 | 649 | 70391 |
| | SBI ദുരിതാശ്വാസ നിധി | 8742 | 318 | 9060 | 351 | 8709 |
| | SBI ടോട്ടൽ സാനിട്ടേഷൻ | 2606261 | 2325217 | 4931478 | 84709 | 4846769 |
| | സാക്ഷരത | 4350 | 9411 | 13761 | 9840 | 3921 |

| | | | | | | |
|---|---|---|---|---|---|---|
| | DCB കുട്ടനാട് പാക്കേജ് | 803384 | 0 | 803384 | 0 | 803384 |
| | SBI Plan | 940434 | 0 | 940434 | 649 | 939785 |
| | SBI ഐ.സി.ഡി.എസ് | 420979 | 514631 | 935610 | 517855 | 417755 |
| | TSB ജോയിന്റ് വെഞ്ച്വർ | 0 | 973709 | 973709 | 973709 | 0 |
| | SBI ഇ-പേയ്മെന്റ് | 5000 | | 5000 | 0 | 5000 |
| | ക്യാഷ് | 91808 | | | | 42776 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| സേവനം (59) | 26319801 | 46 | 17279258 | 4 | 9 | 77.96 |
| ഉൽപ്പാദനം (25) | 11156641 | 10 | 5554135 | 8 | 7 | 40 |
| പശ്ചാത്തലം (59) | 26037708 | 14 | 13293174 | 23 | 22 | 23.73 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 154610 | 1024784 | 1179394 | 943885 | 235509 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 18186407 | 18186407 | 18186407 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120480 | 289 |
| കർഷകതൊഴിലാളി പെൻഷൻ | 23566300 | 7842 |

| | | |
|---|---|---|
| വിധവാപെൻഷൻ | 5137500 | 1720 |
| വാർദ്ധക്യകാലപെൻഷൻ | 10002400 | 3034 |
| വികലാംഗപെൻഷൻ | 2657800 | 857 |
| അവിവാഹിതപെൻഷൻ | 301400 | 96 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.03.2019, 3.പി.എം-ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13086/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/02/2019 | 01/2019 | 26/02/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30/12/2017 മുതൽ 15/01/2018 വരെ | 2012-13 മുതൽ 2016-17 വരെ | 26/02/2018 |

## 1-11 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററും, സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. ഇതിനു പകരമുള്ള സൂചിക സോഫ്റ്റ്‌വെയർ വേണ്ട രേഖപ്പെടുത്തലുകൾ നടത്താത്തതു മൂലം ഫലപ്രദമാകുന്നില്ല. പേഴ്സണൽ രജിസ്റ്ററിന്റെ അഭാവത്തിൽ/ സൂചിക സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ഓരോ സെക്ഷനുകളും കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമ പ്രകാരമുള്ള കാലയളവിനുള്ളിൽ തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന് പരിശോധിക്കാനാവുന്നില്ല.
പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റ്‌വെയറിൽ വരുത്തുന്ന രേഖപ്പെടുത്തലുകൾ അക്കൗണ്ടന്റ്, ഐ.കെ.എം-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ മാത്രമാണ് പരിശോധിക്കുന്നത്. അക്കൗണ്ടിംഗ് റൂൾ പ്രകാരം പ്രിന്റൗട്ടെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട രേഖകളൊന്നും യഥാസമയം സൂക്ഷിക്കുന്നതായി കാണുന്നില്ല.
ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെയും പുതുതായി ആർജിച്ച ആസ്തികളുടെയും വിവരം പൂർണ്ണമായി ഉൾക്കൊള്ളിച്ചിട്ടില്ല.

## 1-12 വാർഷിക കണക്കിലെ ന്യൂനതകൾ

കൈനകരി ഗ്രാമ പഞ്ചായത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് ഈ ഓഫീസിലെ 30.07.2018-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(26)/2018 നമ്പർ പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്ന ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വേളയിൽ വാർഷിക കണക്കുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ന്യൂനതകൾ കൂടി ശ്രദ്ധയിൽ പെട്ടു.

ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകകൾ നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല.

കൈനകരി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം വിവിധ സ്ഥാപനങ്ങളിലേക്ക് വിവിധ പ്രവർത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1. | കെ.എസ്.ഇ.ബി | 1648206 |
| 2. | കേരള വാട്ടർ അതോറിറ്റി | 1100000 |
| 3. | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | 3719441 |

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-47-ൽ കേരള വാട്ടർ അതോറിറ്റിക്ക് നല്കിയ 800000/- രൂപ മാത്രമാണ് ഉൾപ്പെട്ടതെന്ന് കാണുന്നു.

കൂടാതെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18-ൽ ആസ്തിയായി കാണിച്ചിരിക്കുന്ന തുകയിലും വ്യതിയാനം ഉള്ളതായി കാണുന്നു.

| ഇനം | ഷെഡ്യൂൾ ബി-18-ൽ ഉൾപ്പെട്ട തുക | യഥാർത്ഥത്തിൽ ഉൾപ്പെടേണ്ട/ തുക |
|---|---|---|
| Advance to Implementing Agencies - Deposit with Kerala Electricity Board | 1665166 | 1677706 |
| Advance to Implementing Agencies - Deposit with Kerala State Housing Board | 3621994 | 3719441 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ഔദ്യോഗിക ബാങ്ക് അക്കൗണ്ടുകൾ– നീക്കിയിരുപ്പ് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല

കൈനകരി ഗ്രാമപഞ്ചായത്തിലെ മുൻ വർഷങ്ങളിലെ വാർഷിക പദ്ധതികളിലെ ആനുകൂല്യവിതരണവുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കായി ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു. ആദ്യകാലങ്ങളിൽ ട്രഷറി മുഖാന്തിരവും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളായും മറ്റ് സ്കീമുകൾ വഴിയും ലഭിക്കുന്ന തുകകൾ ഈ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് അതിൽ നിന്നാണ് ഗുണഭോക്താക്കളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് ആനുകൂല്യം വിതരണം നടത്തിയിരുന്നത്. എന്നാൽ ഡയറക്ട് ബനഫിക്ട് ട്രാൻസ്ഫർ (D.B.T) ആരംഭിച്ചതു മുതൽ ഈ അക്കൗണ്ടുകളുടെ പ്രസക്തി ഇല്ലാതായെങ്കിലും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകൾ നിലവിലും തുടരുന്നതായും പല അക്കൗണ്ടുകളിലും നീക്കിയിരിപ്പുള്ളതായും കണ്ടെത്തിയിട്ടുണ്ട്. വർഷാന്ത്യത്തിൽ ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് ട്രഷറിയിൽ നിന്നും പണം മാറി ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുകയും പിന്നീട് മാത്രം ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തിരുന്ന സമയത്ത് ബാങ്ക് പലിശയിനത്തിൽ ലഭിച്ച തുകയും അതിന്റെ പലിശയുമാണ് ഈ അക്കൗണ്ടുകളിലെ നീക്കിയിരുപ്പായി പ്രധാനമായും വരുന്നത്. ഈ അക്കൗണ്ടുകൾ പലതും യഥാസമയം രേഖപ്പെടുത്തൽ വരുത്താത്തതിനാൽ കൃത്യമായ നീക്കിയിരിപ്പ് കണക്കാക്കാൻ സാധിച്ചിട്ടില്ല. ഈ

ുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഉൾപ്പെടുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിൽ പദ്ധതി ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ചിട്ടുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിശദാംശങ്ങളും അവയുടെ നിലവിലെ (മാർച്ച് 2019 വരെയുള്ള) നീക്കിയിരുപ്പിന്റെ വിശദവിവരവും പരിശോധനക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ട് വിവരങ്ങൾ മാത്രമാണ് ലഭിച്ചത്. ഇത് പ്രകാരം തന്നെ 50,000/- രൂപയോളം നീക്കിയിരുപ്പുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ ആരംഭിച്ചിട്ടുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും വിവരങ്ങളും അവയിലെ നീക്കിയിരുപ്പിന്റെ വിശദാംശങ്ങളും പരിശോധിച്ച് നിയമാനുസൃതം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡി.സി.ബി. കുട്ടനാട് പാക്കേജ്, എസ്.ബി.ഐ. പ്ലാൻ എന്നീ അക്കൗണ്ടുകളിലെ നിക്ഷേപത്തിന് അർഹമായ സേവിംഗ്സ് ബാങ്ക് പലിശ ലഭിക്കുന്നില്ല. തുടർനടപടികൾ നടക്കാത്തതും ഭാവിയിൽ ആവശ്യമില്ലാത്തതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011ലെ സർക്കാർ ഉത്തരവ് നമ്പർ 19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒമ്പതാം വാർഡിലെ മൊബൈൽ ടവറിന് ഇനിയും നികുതി അസസ്സ് ചെയ്തിട്ടില്ല.

| ക്രമ നം. | പേര് വിവരം | വാർഡ്/ കെട്ടിട നം. | നിർണ്ണയിച്ച വസ്തുനികുതി | പരാമർശം |
|---|---|---|---|---|
| 1 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 9/58 | 9450 | 2013-14 മുതൽ നികുതി ഒടുക്കിയിട്ടില്ല. |

ഓഡിറ്റ് എൻക്വയറി നം. 18, തീയതി. 17.03.2019 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. എല്ലാ മൊബൈൽ ടവറുകളും അസസ്സ് ചെയ്യേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

പഞ്ചായത്തിലെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകൾ അർദ്ധവാർഷിക പത്രികകൾ, എന്നിവ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1. പോസ്റ്റോഫീസ്, തോട്ടുവാത്തല – 2017-18 രണ്ടാം അർദ്ധവർഷം (വാർഡ്-9)
2. പോസ്റ്റോഫീസ്, കുപ്പപ്പുറം - 2017-18 രണ്ടാം അർദ്ധവർഷം (വാർഡ്-1)
3. പമ്പ ആയുർവ്വേദിക് സെന്റർ - 2017-18 രണ്ടാം അർദ്ധവർഷം (വാർഡ്-1)
4. CDS അക്കൗണ്ടന്റ്.
5. വിവിധ സർക്കാർ സ്ഥാപനങ്ങളിലെ കരാർ ജീവനക്കാർ, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ.
6. അംഗൻവാടി ജീവനക്കാർ.

കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷത്തെ സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1. കെ.എസ്.ഇ.ബി (വാർഡ്-9)
2. കൈരളി ആയുർവ്വേദ സെന്റർ (വാർഡ്-1)

ഇതിന് ഓഡിറ്റ് എൻക്വയറി നം. 17, തീയതി – 07.03.2019 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

## 2-4 ഡി ആൻഡ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരുസ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ചട്ടം (7) പ്രകാരം ഇത്തരം, സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്തിലെ പട്ടിക (2) പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള പല സ്ഥാപനങ്ങളും അവർ നടത്തുന്ന ബിസിനസ്സിന് ആനുപാതികമായ വരുമാനം കണക്കാക്കാതെയാണ് ഫീസ് ഈടാക്കി വരുന്നത്. സ്ഥാപനത്തിന്റെ വിറ്റുവരവ് ഈടാക്കുന്ന ഫീസ് എന്നിവ സംബന്ധിച്ച റിപ്പോർട്ട് അപേക്ഷകളിൽ ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ ഡി ആൻഡ് ഒ ഫീസ് ഇനത്തിൽ വളരെ തുച്ഛമായ തുകയാണ് ഈടാക്കിവരുന്നത്.

ഇതിന് ഓഡിറ്റ് എൻക്വയറി നം. 15, തീയതി – 07.03.2019 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

## 2-5 കാലഹരണപ്പെട്ടനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് സംബന്ധിച്ച്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282, കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ് ഖണ്ഡിക 15.4 എന്നിവ പ്രകാരം വിവിധ നിക്ഷേപങ്ങൾ തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷത്തിനുള്ളിൽ നിക്ഷേപകൻ അവകാശപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഓരോ വർഷവും മാർച്ച് അവസാനം സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 75 പ്രകാരം പണമിടപാടുമായി ബന്ധപ്പെട്ട് ഈ ചട്ടത്തിൽ നിർദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളിലെയും മാർഗ്ഗരേഖകളിലെയും നിബന്ധനകൾ ബാധകമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൽ നിക്ഷപിക്കപ്പെട്ടിട്ടുള്ളതും കാലഹരണപ്പെട്ടതുമായ വിവിധ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ 2010 വർഷം മുതൽ സ്വീകരിച്ച തുകകൾ അവകാശപ്പെടാതെ അവശേഷിക്കുന്നതായി കാണപ്പെട്ടു. തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം. 8, തീയതി. 02.03.2019) മറുപടി ലഭ്യമാക്കിയില്ല.

## 2-6 ഇ-ടെണ്ടർ ഫീസ്- ബാങ്ക് ആക്കൗണ്ട് ആരംഭിച്ചില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ ഗ്രാമ പഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ കൈനകരി ഗ്രാമ പഞ്ചായത്തിൽ നാളിതു വരെയായും അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. തന്മൂലം ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പോകുന്നത്. ഇ-ടെണ്ടർ ഫീസിനത്തിൽ അതത് സ്ഥാപനത്തിന് അർഹമായ തുക തരംതിരിച്ച് നല്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ബുദ്ധിമുട്ട് നേരിടുന്നതിനാലാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദേശം നല്കിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തിനാൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തുക യഥാസമയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അടിയന്തിരമായി അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം കൈനകരി ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ആകെ 16020/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ തുകയുൾപ്പെടെ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ മുഴുവൻ തുകയും ലഭ്യമാക്കാനാവശ്യമായ നടപടി സ്വകരിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8, തീയതി – 02.03.2019) മറുപടി ലഭ്യമാക്കിയില്ല.)

## 2-7 പഞ്ചായത്ത് ദുരിതാശ്വാസ നിധി -പ്രവർത്തനങ്ങൾ സജീവമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ തുടർ പ്രവർത്തനങ്ങൾ സജീവമല്ല. 2017-18 സാമ്പത്തിക വർഷം നിധിയിൽ ധനസമാഹരണമോ ധനവിനിയോഗമോ നടന്നിട്ടില്ല.വാർഷിക ധനകാര്യപത്രിക പ്രകാരം 2018 മാർച്ച് 31 ന് നിധിയിൽ 8709/- രൂപയാണ് നീക്കിയിരിപ്പുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ അടിക്കടി ഉണ്ടാവുകയും വലിയ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ നിധിയിലേക്കുള്ള വിഭവസമാഹരണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ നിധിയിൽ നിന്ന് ദുരിതബാധിതർക്ക് നിയമാനുസൃത സഹായങ്ങൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം അവലോകനം.

ഓഡിറ്റ വർഷം ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 3.84 കോടി രൂപ ലഭിച്ചിരുന്നു. ലഭ്യമായ തുകയിൽ 3.56 കോടി രൂപ ചെലവഴിച്ചു. ബാക്കി 28.08 ലക്ഷം രൂപ ചെലവഴിക്കാനായില്ല.

| ഇനം | അലോട്ടു ചെയ്ത തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 19646584 | 18831465 | 815119 |
| വികസന ഫണ്ട് - SCP | 3474877 | 3195616 | 279261 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 1972000 | 1699054 | 272946 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4806434 | 4730708 | 75726 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8542291 | 7177170 | 1365121 |
| ആകെ | 38442186 | 35634013 | 2808173 |

63514150/- രൂപ അടങ്കലിൽ ആകെ 143 പദ്ധതികളാളാണ് തൻ വർഷം ആവിഷ്ക്കരിച്ചിരുന്നത്. ഇതിൽ 105 പ്രോജക്ടുകൾ മാത്രമാണ് തൻ വർഷം നടപ്പാക്കിയത്. 38 പദ്ധതികൾ നടപ്പാക്കാനായിട്ടില്ല. പശ്ചാത്തല മേഖലയിൽ

ആവിഷ്കരിച്ച 59 പദ്ധതികളിൽ 37 പദ്ധതികൾക്ക് മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ 26037708/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്നെങ്കിലും ഇതിൽ 13293174/- രൂപ മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്.

മരാമത്ത് മേഖലയിൽ ആവിഷ്കരിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാരെ ലഭിക്കാത്തതാണ് ഈ മേഖലയിലെ പദ്ധതി ചെലവ് കുറയാനിടയാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പാടങ്ങളും ഇടത്തോടുകളും ആറുകളും കൂടുതലുള്ള പഞ്ചായത്തിൽ റോഡ് മാർഗ്ഗങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിനു പരിമിതിയുള്ളതിനാൽ നിലവിലുള്ള നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാത്ത അവസ്ഥയുള്ളതായി സെക്രട്ടറിയും അറിയിച്ചു. ഇതിനു പരിഹാരമായി ആലപ്പുഴ ജില്ലയിലെ സായ് പുന്നമടയിൽ അനുവദിച്ചു നല്കിയിട്ടുള്ള പ്രത്യേക കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു ലഭിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അറിയിച്ചു.

## 3-2 മെഡിക്കൽ ഓഫീസർ-പി.എച്ച്.സി നിർവ്വഹിച്ച പദ്ധതികൾ -രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു.

ഗ്രാമപഞ്ചയത്തിൽ 2017-18 സാമ്പത്തിക വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു.

| ക്രമ നം | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 1. | പാലിയേറ്റീവ് കെയർ | 418301/- രൂപ |
| 2. | കുപ്പപ്പുറം പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ | 196299/- രൂപ |
| | ആകെ | 614600/- രൂപ |

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ കുപ്പപ്പുറം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ രേഖകളെല്ലാം വീണ്ടെടുക്കാനാവാത്തവിധം നഷ്ടമായതായി മെഡിക്കൽ ഓഫീസർ 26.02.2019-ലെ 131/2019-നമ്പർ കത്ത് പ്രകാരം സെക്രട്ടറിയെ അറിയിച്ചു. തന്മൂലം മെഡിക്കൽ ഓഫീസറുടെ പേരിലുള്ള 2017-18 സാമ്പത്തിക വർഷത്തെ ട്രഷറി ബിൽ ബുക്ക് അടക്കം മേൽ പദ്ധതികളുടെ ചെലവ് രേഖകളും, രജിസ്റ്ററുകളും ഓഡിറ്റിൽ ഹാജരാക്കാൻ മെഡിക്കൽ ഓഫീസർക്ക് സാധിച്ചിട്ടില്ല. രേഖകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സർക്കാരിലേക്ക് അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും സർക്കാരിൽ നിന്നും ലഭിച്ച തുടർ നിർദേശങ്ങളുടെ വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.10, തീ. 02.03.2019) മറുപടി ലഭ്യമാക്കിയില്ല.)

## 3-3 ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി 2017-18-ൽ നടപ്പിലാക്കിയ ആശ്രയ പദ്ധതി പ്രകാരം 1,00,000/- രൂപ സി.ഡി.എസ് ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. ഇതിനു പുറമേ സി.ഡി.എസ് മുഖേനേ എസ്.സി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണസഹായം നൽകുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 10,00,000/- രൂപയും 12 ഗുണഭോക്താക്കളുടെ വീട് റിപ്പയറിനായി 27.05.2016 ൽ 3,00,000/ രൂപയും കൂടാതെ കാലാകാലങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിക്കായി മാറ്റിവയ്ക്കുന്ന തുകയും ഈ അക്കൗണ്ടിൽ തന്നെയാണ് സൂക്ഷിക്കുന്നത്. ഈ തുകകൾ പലതും നാളിതുവരെ ചെലവഴിക്കപ്പെടാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇവ ഉൾപ്പടെ 45,55,513/- രൂപ 31/03/2018 ൽ സി.ഡി.എസ് ആശ്രയ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഭവനനിർമ്മാണ ധനസഹായം നാളിതുവരെ ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിരിക്കുന്നത് ധനസഹായം നഷ്ടപ്പെടുന്ന സാഹചര്യമാണ് ഉണ്ടാക്കുക. വിവിധ ഭവനനിർമ്മാണ പദ്ധതികളിലെ ധനസഹായത്തിനായി ധാരാളം പേർ അപേക്ഷ നൽകി കാത്തിരിക്കുന്ന സാഹചര്യത്തിൽ ലഭിച്ച ധനസഹായം ഉപയോഗിക്കാതെ നഷ്ടപ്പെടുത്തുക എന്നത് ഗൗരവതരമാണ്. ആശ്രയ പദ്ധതിയിലെ നീക്കിയിരിപ്പ് തുകയുടെ കൃത്യമായ വിനിയോഗം ഉറപ്പുവരുത്തുവാനും പദ്ധതിസഹായം നഷ്ടപ്പെടാതിരിക്കുവാനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ- അടച്ചില്ല

| | | |
|---|---|---|
| വൗച്ചർ നം. 55/05, തീ. 03.05.2017 | തുക – 284512/- രൂപ | ചെക്ക് നം. 8257680, തീ. 03.05.2017 |

| | | |
|---|---|---|
| വൗച്ചർ നം. 551/11, തീ. 20.11.2017 | തുക – 228770/- രൂപ | ചെക്ക് നം. 926921, തീ. 20.11.2017 |

സ.ഉ (പി)7/2016/ഫിൻ തീയതി. 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നല്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം 01.07.2014 മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ അനുവദിച്ച് നല്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇപ്രകാരം പരിഷ്കരിച്ച ശമ്പള കുടിശ്ശിക കൈപ്പറ്റിയ ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചതായി കാണുന്നില്ല. പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11, തീ. 02.03.2019) മറുപടി ലഭ്യമാക്കിയില്ല.)

## 3-5 മാനദണ്ഡങ്ങൾ പാലിക്കാതെ കെട്ടിടനിർമ്മാണം - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷം ബഹുവർഷ പദ്ധതിയായി 1.78 കോടി രൂപ അടങ്കലിൽ പദ്ധതി ഏറ്റെടുക്കുകയും തൻവർഷം മണ്ണ് പരിശോധനയ്ക്കായി പ്രോജക്റ്റ് നം. 152 പ്രകാരം 97,447/- രൂപയും, പ്രോജക്റ്റ് നം. 177 പ്രകാരം കെട്ടിട നിർമ്മാണത്തിനായി 36,21,994/- രൂപയും, ഹൗസിംഗ് ബോർഡിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. (ബിൽ നം. 65/30.3.18). എന്നാൽ അംഗീകരിച്ച പദ്ധതി, പദ്ധതിക്ക് ലഭിച്ച സാങ്കേതികാനുമതി എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഹൗസിംഗ് ബോർഡിന്റെ 27.3.2018 ലെ ഡി.ബി.6677/KAINA/2017 കത്ത് പ്രകാരം പ്രവർത്തി സംബന്ധിച്ച് ബോർഡുമായി കരാറിലേർപ്പെടണമെന്ന് ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിൽ ഏർപ്പെട്ടതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കരാർ, സാങ്കേതികാനുമതി എന്നിവയുടെ അഭാവത്തിൽ ഇതിനു വേണ്ടി ചെലവഴിച്ച 37,19,441/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 അനുബന്ധവിവരങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ തുക ഒടുക്കിയ രസീത്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവ് തുക | ബിൽ നം./ തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | 15 | വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ് നൽകൽ | 421752 | 12/9.8.17 | രസീത് ഹാജരാക്കിയിട്ടില്ല. |
| 2 | 17 | തെരുവ് വിളക്ക് വൈദ്യുത ചാർജ് ഒടുക്കൽ | 102699<br>117714<br>29606<br>33915<br>29426 | 11/9.8.17<br>34/14.12.17<br>54/12.3.18<br>55/12.3.18<br>16/11.9.17 | രസീത് ഹാജരാക്കിയിട്ടില്ല |
| 3 | 49 | തുല്യതാ പഠനം | 39550 | 36/2.1.18 | രസീത്, വിനിയോഗ വിവരങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | | | | | ഹാജരാക്കിയിട്ടില്ല. |
| 4 | 83 | പുതിയ ഇലക്ട്രിക്കൽ ലൈൻ വലിക്കൽ | 1600000<br>8100<br>27566 | 18/3.10.17<br>24/10.11.17<br>45/24.2.18 | രസീത് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല |
| 5 | 86 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 300000 | 19/17.10.17 | രസീത് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല |
| 6 | 134 | അംഗൻ വാടി വൈദ്യുതീകരണം | 42674 | 47/23.2.18 | ,, |
| 7 | 145 | ഇലക്ട്രിക്കൽ പോസ്റ്റ് ട്രാൻസ്ഫർ | 12540 | 20/17.10.17 | " |
| 8 | 169 | കല്ലുപാലം മുതൽ ശരണ്യ ഭവൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | 62/24.3.18 | " |
| 9 | 170 | കല്ലുപാലം മുതൽ കിഴക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 60/24.3.18 | " |
| 10 | 171 | ഗോവിന്ദ സദനം മുതൽ തെക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 200000 | 61/24.3.18 | " |
| | | ആകെ | 35,65,542 | | |

രേഖകളുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ കംപ്യൂട്ടർ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം-03/2018)

ബിൽ നം. – 07/17-18, Rs.165000/-, c/o – 06.01.2018

ബിൽ നം. – 17/17-18, Rs.136000/-, c/o - 19.03.2018

ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന ഈ പദ്ധതി പ്രകാരം 20 ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി വാങ്ങലിന് ഇ-ടെണ്ടർ ക്ഷണിച്ചത്. എന്നാൽ ലഭ്യമായ ഗുണഭോക്തൃലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ 6 ലാപ്ടോപ്പുകൾ മാത്രമാണ് മെ. ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് എന്ന സ്ഥാപനത്തിൽ നിന്നും ആദ്യം ഓർഡർ നൽകി വാങ്ങിയത്. പിന്നീട് രണ്ട് മാസങ്ങൾക്ക് ശേഷം 5 ലാപ്ടോപ്പുകൾക്ക് കൂടി ഓർഡർ നൽകിയെങ്കിലും ടെണ്ടറിൽ സൂചിപ്പിച്ചിരുന്ന എണ്ണം ഓർഡർ നൽകാത്ത സാഹചര്യത്തിൽ സ്ഥാപനം ഓർഡർ ഏറ്റെടുത്തില്ല. തുടർന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം റീ-ടെണ്ടർ നടത്തുകയും മെ. വെലോസിറ്റി കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 5 ലാപ്ടോപ്പുകൾ വാങ്ങി നൽകുകയുമാണ് ചെയ്തത്. പദ്ധതി സഹായം നൽകേണ്ട ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കാതെ പദ്ധതി തയ്യാറാക്കിയതും ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡങ്ങൾ പരിശോധിച്ച് കൃത്യമായ എണ്ണം നിശ്ചയിക്കാതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതും മൂലമാണ് ആദ്യം ഇ-ടെണ്ടറും പിന്നീട് റീ-ടെണ്ടറും വഴി വാങ്ങൽ നടത്തേണ്ട സാഹചര്യമുണ്ടായത്. ഇവയ്ക്കായി ചെലവഴിക്കേണ്ടിവന്ന അധിക

മനുഷ്യവിഭവശേഷി, സമയം, പരസ്യച്ചെലവ് എന്നിവ കൃത്യമായ ആസൂത്രണമില്ലായ്മ മൂലം മാത്രം വന്നതാണ്. ഇ-ടെണ്ടർ, റീ-ടെണ്ടർ എന്നിവയിലെല്ലാം ഐ.ടി. മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വർഷം മാനുഫാക്ച്ചർ (o.e.m) വാറന്റിയുൾപ്പടെയുള്ള ലാപ്ടോപ്പുകൾ വാങ്ങുന്നതിനാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങി നൽകിയ ലാപ്ടോപ്പുകളുടെ വാറന്റി വിവരങ്ങൾ പരിശോധിച്ചതിൽ നൽകിയ കംപ്യൂട്ടറുകൾക്കെല്ലാം നോർമൽ പ്രോഡക്ട് വാറന്റിയായ ഒരു വർഷം മാത്രമാണുള്ളത്. വാഗ്ദാനം ചെയ്ത അധിക വാറന്റി രണ്ട് വാങ്ങലുകളിലും സ്ഥാപനങ്ങൾ നൽകിയിട്ടില്ല. ഇ-ടെണ്ടർ പ്രകാരം വാങ്ങിയ മെ. ഓക്സിജൻ ഡിജിറ്റൽ ഷോപ്പിന്റെ കരാറിൽ 5 വർഷ വാറന്റിയെന്ന് ചേർത്തിട്ടുണ്ടെങ്കിലും നൽകിയ ലാപ്ടോപ്പുകൾക്ക് 1 വർഷ വാറന്റിയേയുള്ളൂ. റീ-ടെണ്ടർ പ്രകാരം സപ്ലൈ നടത്തിയ മെ. വെലോസിറ്റി കംപ്യൂട്ടേഴ്സ് കരാറിൽ വാറന്റി വിവരം ചേർത്തിട്ടില്ല. അധിക വാറന്റിയുണ്ടെന്ന പേരിൽ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് കുറഞ്ഞ വാറന്റിയുള്ള ലാപ്ടോപ്പ് നൽകുകയും ചെയ്ത സപ്ലൈയർമാരിൽ നിന്നും വാഗ്ദാനപ്രകാരമുള്ള 5 വർഷത്തെ മാനുഫാക്ച്ചർ വാറന്റി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 48,71,634/- രൂപയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന് 16,65,166/- രൂപയും ഡെപ്പോസിറ്റിനത്തിൽ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകളുടെ വിശദീകരണവും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. വാട്ടർ അതോറിറ്റിക്ക് നൽകിയ ഡെപ്പോസിറ്റ് തുക 2013-14 സാമ്പത്തിക വർഷം മുതലുള്ള ചെറുതും വലുതുമായ പല ഡെപ്പോസിറ്റുകളും ഉൾപ്പെട്ടതാണ്. വൈദ്യുതി ബോർഡിന് നൽകിയ തുക പ്രധാനമായും ലൈൻ നീട്ടൽ പ്രവർത്തികളുമായി ബന്ധപ്പെട്ടവയാണ്. പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടു വരുന്നതല്ലാതെ ഇവ ഏതൊക്കെയാണെന്നും പദ്ധതികളുടെ പേര്, നൽകിയ തുകയുടെ വിശദാംശങ്ങൾ, കരാറിന്റെ വിശദവിവരങ്ങൾ, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നീ പ്രധാന വിവരങ്ങളൊന്നും തയ്യാറാക്കി സൂക്ഷിക്കുകയോ കൃത്യമായ ഫോളോഅപ്പിനോ മോണിറ്ററിംഗിനോ വിധേയമാക്കുകയോ ചെയ്യുന്നില്ല. പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തും വിധമുള്ള വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാറുകൾ ചമക്കാതെയും പുതുക്കാതെയും വരുന്ന സന്ദർഭങ്ങളിൽ കരാർ സ്ഥാപനത്തിന്റെ വീഴ്ച മൂലമുള്ള പദ്ധതിയുടെ അധികച്ചെലവിനും ഗ്രാമപഞ്ചായത്ത് കൂടി ഉത്തരവാദിയാവുന്ന സ്ഥിതിയുണ്ട്. നിലവിലെ ഡെപ്പോസിറ്റുകൾ സംബന്ധിച്ച കൃത്യമായ രേഖകൾ തയ്യാറാക്കി പദ്ധതികൾ അവലോകനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഗ്രാമസഭവഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നില്ല

കൈനകരി ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിലെ വിവിധ ആനുകൂല്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് വിവിധ വാർഡുകളിലെ ഗ്രാമസഭകൾ വഴി തിരഞ്ഞെടുത്ത്, പഞ്ചായത്ത് അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച്, സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലിസ്റ്റ് ഉണ്ടായിരിക്കെ ഇവയിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്കാണ് പദ്ധതികളുടെ ആനുകൂല്യം വിതരണം നടത്തിയിരിക്കുന്നത്. ആനുകൂല്യം നൽകിയ ശേഷം പദ്ധതിയിലെ അധിക ഗുണഭോക്താക്കളെന്ന നിലയിൽ ഇവരെ ഗ്രാമസഭാ ലിസ്റ്റിൽ കൂട്ടിച്ചേർക്കുകയാണ് ചെയ്തുവരുന്നത്. 2017-18 ൽ കൃഷി ഓഫീസർ നടപ്പിലാക്കിയ തെങ്ങിൻ തൈ വിതരണം എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത് 36 ഗുണഭോക്താക്കൾക്കാണ്. ഈ പദ്ധതിക്കായി ഗ്രാമസഭകൾ വഴി തിരഞ്ഞടുത്ത് പഞ്ചായത്ത് അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 193 പേരുകൾ ഉണ്ടായിരിക്കെ ഇവർക്ക് ആനുകൂല്യം അനുവദിക്കാതെ ലിസ്റ്റിൽ ഉൾപ്പെടാത്ത 36 പേർക്കാണ് മുഴുവൻ ആനുകൂല്യവും നല്കിയത്. അതുപോലെ കൃഷി ഓഫീസർ തന്നെ നടപ്പിലാക്കിയ വാഴക്കന്ന് വിതരണം, ഗ്രോബാഗിലെ പച്ചക്കറികൃഷി പദ്ധതികളിലേയും മുഴുവൻ ഗുണഭോക്താക്കളെയും പദ്ധതി ആനുകൂല്യവിതരണത്തിന് ശേഷം 01/08/2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-3 നമ്പർ തീരുമാനപ്രകാരം പിന്നീട് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുപോലെ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പശുകിടാരി വിതരണം, കോഴി വിതരണം എന്നീ പദ്ധതികളുടെ ഗുണഭോക്താക്കളെയും ഇപ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. ഗ്രാമസഭ വഴിയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് എന്ന അടിസ്ഥാനതത്വം പാലിക്കാതെ പല പദ്ധതികളിലേയും ആനുകൂല്യം നൽകിയ ശേഷം മാത്രം ഗുണഭോക്താക്കളെ അംഗീകരിക്കുന്നത് ക്രമപ്രകാരമല്ല. പദ്ധതികൾ ഇടക്ക് വച്ച് ഉപേക്ഷിച്ച് പുതിയവ തയ്യാറാക്കുന്നതിനാലും ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറാകാത്തതിനാലുമാണ് ഇപ്രകാരം സംഭവിക്കുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകിയത്. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ് പദ്ധതികൾ നിശ്ചയിക്കുന്നതിനുള്ള

ജനങ്ങളുടെ അധികാരം.ഗ്രാമസഭ വഴി വരുന്ന പദ്ധതി നിർദ്ദേശങ്ങളിൽ നിന്ന് വിവിധ ആസൂത്രണ പ്രക്രിയകളിലൂടെ രൂപം കൊള്ളുന്ന പദ്ധതികൾക്ക് പകരമായി നിർവ്വഹണതലത്തിൽ പദ്ധതികൾ തയ്യാറാക്കി, ഗ്രാമസഭ വഴിയല്ലാതെ ഗുണഭോക്താക്കളെ നിശ്ചയിച്ച്, ആനുകൂല്യങ്ങൾ വിതരണം ചെയ്തശേഷം ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ഘടകവിരുദ്ധമായ നടപടിയാണ്. പദ്ധതി ഗ്രാമസഭകളിൽ അവതരിപ്പിക്കുന്ന ഘട്ടത്തിൽ തന്നെ ഗുണഭോക്തൃവിഹിതം സംബന്ധിച്ചുള്ള വിവരങ്ങളും വ്യക്തമാണെന്നിരിക്കെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ആരും ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറായില്ല എന്ന വാദം ശരിയല്ല. പദ്ധതികളെയും ഗുണഭോക്താക്കളെയും തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകളുടെ അധികാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സാമൂഹ്യസുരക്ഷ പെൻഷൻ രജിസ്റ്റർ - അപൂർണ്ണം

അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കണം എന്ന് ജി.ഒ.(പി) നം. 105/2002/തസ്വഭവ, തീയതി – 25/06/02 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അനുവദിച്ചതായി രേഖയില്ല. രജിസ്റ്റർ അപൂർണ്ണമാണ്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

വിധവാ പെൻഷൻ

1. വൽസമ്മ വിദ്യാധരൻ, ചെറുകോട്ടുചിറ, 3302/5.8.17
2. പൊന്നമ്മ. പി. ആർ, കിഴക്കേമഠംചിറ, 3382/16.8.17
3. ഉഷ. ടി. കെ, ബ്ലാകേൽചിറ, 3669/18.9.17
4. മോനിഷ ഷൈജു, പഴുചിറ പുത്തൻ വീട്, 4009/13.10.17
5. സുമതി, പടിഞ്ഞാറെ മാടത്താനി, 4057/13.10.17

അഗതി പെൻഷൻ

1. രവികുമാർ, പാലിത്തറ വീട്, 4319/30.10.17
2. ബിന്ദു മോൾ, അമ്പതിൽചിറ, 3214/17.7.17

കർഷകത്തൊഴിലാളി പെൻഷൻ

1. ലീലാമ്മ ഗോപിദാസ്, എമ്പ്രാമഠം, 1740/4.4.17
2. ധർമ്മ രാജൻ, ചെറുകായൽചിറ, 1829/12.4.17
3. രതീശൻ, പഴംചിറ, 1835/12.4.17

വികലാംഗ പെൻഷൻ

1. സഹ്റ സന്തോഷ്, ചാണാമ്പള്ളി, 1776/5.4.17
2. റീനാ ബാബു, കോടേശ്ശേരിൽ, 2709/19.6.17
3. ദേവരാജൻ, ചെത്തിശ്ശേരി, 2210/15.5.17

വാർദ്ധ്യക്യകാല പെൻഷൻ

1. വാസന്തി, ആർഹാഭവൻ, 1999/26.4.17
2. തോമസ് വർഗ്ഗീസ്, പഴുചിറ, 2026/26.4.17
3. വെറോണിക്ക ഡൊമനിക്, മണിമലശ്ശേരി, 1773/5.4.17

രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമായതിനാൽ യഥാസമയം പെൻഷൻ അനുവദിക്കുന്നുണ്ടോയെന്ന പരിശോധന സാധ്യമാവുന്നില്ല. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | അംഗൻവാടി പോഷകാഹാരം, | 100000 | 0 |
| | | 873709 | നെൽകൃഷി കൂലിച്ചെലവ് | 873709 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | കൈനകരി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി പുതിയ ലൈൻ വലിക്കൽ മീറ്ററിഗും സൂപ്പർ വിഷൻ ചാർജ്ജ് നൽകൽ | 1635666 | 0 | 1635666 |
| കേരള വാട്ടർ അതോറിറ്റി | മൂലംകുഴി മുതൽ പുളിക്കൽ പാലം വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാട്ടർ അതോറിറ്റിക്ക് ബാക്കി തുക നൽകൽ | 300000 | 0 | 300000 |
| കെ.എസ്.ഇ.ബി | 9-ാം വാർഡിൽ ലക്ഷംവീട് കോളനിയിൽ ഇലക്ട്രിക് പോസ്റ്റ് ട്രാൻസ്ഫർ | 12540 | 0 | 12540 |
| കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണ ത്തിന് മണ്ണ് പരിശോധന | 97447 | 0 | 97447 |
| കേരള വാട്ടർ അതോറിറ്റി | കല്ലുപാലം മുതൽ ശരണ്യഭവൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | കല്ലുപാലം മുതൽ കിഴക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (റീച്ച് 1) | 200000 | 0 | 200000 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഗോവിന്ദസദനം മുതൽ തെക്കോട്ട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (റീച്ച് 1) - 2 ലക്ഷം രൂപ | 200000 | 0 | 200000 |
| കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം കൺസൾട്ടൻസി ഫീ ഉൾപ്പെടെ | 3621994 | 0 | 3621994 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4 സ്ഥിര നിക്ഷേപം

--ഇല്ല--

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | സ. ഉ (സാധാ) നം. 562/2010/തസ്വഭവ, തീയതി – 02.02.2010 | 15729000 | 12300 | 0 | 0 | 12300 |

## 4-6 ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-11 | 2010-11 | 5-2-11(1) | അംഗണവാടി കുട്ടികൾക്കുള്ള അരിഷ്ടം വിതരണം | സർക്കാർ സാധൂകരണത്തിന് നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | അനുബന്ധം 5-2.1 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53941822 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52083592 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7284983 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 37,19,441/- | ശ്രീ. പി. ജി. പ്രകാശ്, സെക്രട്ടറി |
| 3-6 | 35,65,542/- | ശ്രീ. പി. ജി. പ്രകാശ്, സെക്രട്ടറി |
| ആകെ | 72,84,983/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ. പി. ജി. പ്രകാശ്, സെക്രട്ടറി | പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ആലപ്പുഴ | സൗപർണ്ണിക, പാതിരപ്പള്ളി, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എ.പി-1-672/2015,23.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി-പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി1/135/17/2.02.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി1/1243/17/07.08.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## അനുബന്ധം - 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(26)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈനകരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം - 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ